പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2638 09-05-2017-ലെ മറുപടിയ്ക്ക്

## വിദ്യാർത്ഥികളിൽ കാർഷിക അവബോധം വർദ്ധിപ്പിക്കുന്നതിന് പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.മുല്ലക്കര രത്നാകരൻ** | ശ്രീ.വി.എസ്.സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |
| വിദ്യാർത്ഥികളിൽ കാർഷിക അവബോധം വർദ്ധിപ്പിക്കുന്നതിനും കൃഷി പ്രോത്സാഹിപ്പിക്കുന്നതിനുമായി എന്തെല്ലാം പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നുണ്ട് എന്ന് വ്യക്തമാക്കാമോ? | പച്ചക്കറി കൃഷി വികസന പദ്ധതിയുടെ ഭാഗമായി വിദ്യാലയങ്ങളിൽ പച്ചക്കറിത്തോട്ടം സ്ഥാപിക്കുന്നതിന് കൃഷിച്ചിലവ്, പരിശീലനം, ഡോക്യുമെന്റേഷൻ എന്നിവയ്ക്കായി 5,000/- രൂപ ധനസഹായം നൽകി, കുറഞ്ഞത് 10 സെന്റ് സ്ഥലത്ത് ഒരു അധ്യാപകൻ/അധ്യാപികയുടെ മേൽനോട്ടത്തിൽ വിദ്യാർത്ഥികളുടെ ക്ലബ് രൂപീകരിച്ച് പച്ചക്കറി കൃഷി ചെയ്തു വരുന്നു.<br><br>പദ്ധതി നിർവ്വഹണത്തിലെ മികവിന്റെ അടിസ്ഥാനത്തിൽ ഏറ്റവും നല്ല വിദ്യാർത്ഥി, അധ്യാപകൻ/അധ്യാപിക, വിദ്യാലയത്തിന്റെ തലവൻ, വിദ്യാലയം എന്നീ വിഭാഗങ്ങളിൽ ജില്ലാതലത്തിലും, സംസ്ഥാനതലത്തിലും കാഷ് അവാർഡ് നൽകിവരുന്നു.<br><br>പച്ചക്കറി വികസന പദ്ധതിയുടെ ഭാഗമായിത്തന്നെ വിദ്യാർത്ഥികൾക്ക് അവരുടെ വീട്ടിൽ ലഭ്യമായ സ്ഥലത്ത് കൃഷി നടത്തുന്നതിനായി സൗജന്യമായി പച്ചക്കറി വിത്ത് കിറ്റ് നൽകിവരുന്നു. കൂടാതെ പാഠ്യപദ്ധതിയിൽ 'കൃഷി' കൂടി ഉൾപ്പെടുത്തുന്നതിന് ഈ സർക്കാർ തീരുമാനിച്ചിട്ടുണ്ട്.<br><br>2016 ചിങ്ങം 1 മുതൽ 2017 ചിങ്ങം 1 വരെ സർക്കാർ പ്രഖ്യാപിച്ച "നെൽവർഷ"ത്തിന്റെ ഭാഗമായി വിദ്യാർത്ഥികൾക്ക് നെൽകൃഷിയിൽ പ്രായോഗിക പരിജ്ഞാനം നൽകുന്നതിനായി സാദ്ധ്യമായ എല്ലാ സ്കൂളുകളിലും വിദ്യാർത്ഥികളെ ഉൾപ്പെടുത്തി നെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതാണ്. |

**സെക്ഷൻ ഓഫീസർ**